# പറയാത്ത കഥ

ഐസക് ഈപ്പൻ



പറയാത്ത കഥ

ഐസക് ഈപ്പൻ

(അനുഭവങ്ങൾ)

© 2020 Author

Published by Author.

First published in 2020.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Government College Kota, a view of Government College Kota by Arastu Gupta. The image is taken from Wikimedia Commons and is gratefully acknowledged.

# രാത്രിയിലെ റഫിയും സർദാർജിയുടെ ഭക്ഷണവും

യാത്രകൾ പുസ്തക വായന പോലെയാണ്. അത് എല്ലായ്പ്പോഴും മനുഷ്യനെയും പ്രപഞ്ചത്തെയും കുറിച്ചുള്ള പുതിയ അവബോധത്തിലേക്ക് നമ്മെ നയിക്കുന്നു. എന്റെ വേരുകളും ജീവിതവും തേടി ഞാൻ നടത്തിയ വിശാലമായ യാത്രകളുടെ ആഘോഷകരമായ ഓർമ്മകൾ ഇപ്പോഴും എന്നിൽ പടർന്നു കിടപ്പുണ്ട്, വിഷാദവും ആഹ്ലാദവുമായി.

ബിരുദാനന്തര പഠനത്തിന് ശേഷം തൊഴിൽ തേടി പല സംസ്ഥാനങ്ങളിലും അലഞ്ഞിട്ടുണ്ട് ചിലയിടങ്ങളിലെങ്കിലും തിരഞ്ഞെടുക്കപ്പെട്ടിട്ടുമുണ്ട്. പക്ഷെ ഒരിടത്തും ഉറച്ചു നില്ക്കാൻ അന്നെനിക്ക് കഴിയുമായിരുന്നില്ല.

ആയിടക്കാണ് എനിക്ക് ഒരേ സമയം രണ്ടു ഇന്റർവ്യൂവിനുള്ള ക്ഷണം എത്തിയത്. ഒന്ന്

യൂപിഎസ്സി നടത്തുന്ന ഇൻഫർമേഷൻ സർവീസിലേക്കുള്ള ഇന്റർവ്യൂ, മറ്റൊന്ന് മധ്യപ്രദേശിലെ ഒരു സ്കൂളിൽ നിന്നുള്ള ഒരു കത്തായിരുന്നു. അവിടെ അധ്യാപകനാകാനുള്ള ഒരു ക്ഷണപത്രം. അവിടുത്തെ ചില മലയാളികൾ ചേർന്ന് നടത്തുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ. അവിടെ ഇന്റർവ്യൂ ഒന്നുമില്ല. തോമസ് ചാക്കോ എന്ന ഒരധ്യാപകൻ അവിടുണ്ട്. അദ്ദേഹത്തെ കാണണം. അത്രയേ കത്തിൽ എഴുതിയിരുന്നുള്ളു.

ഡൽഹിയിലെ ഇന്റർവ്യൂ കഴിഞ്ഞു ഒരു ദിവസം അവിടെ തങ്ങിയതിനു ശേഷമാണ് ഞാൻ സ്കൂളിലേക്ക് പുറപ്പെട്ടത്. ഡൽഹിയിൽ നിന്ന് നേരിട്ട് അവിടേക്കു ട്രെയിൻ ഉണ്ടായിരുന്നില്ല. ആദ്യം രാജസ്ഥാനിലെ കോട്ടൺ നഗരമായ കോട്ടായിൽ എത്തണം. അവിടെനിന്ന് പാസഞ്ചർ വണ്ടി ആണുള്ളത്. യാത്രയുടെ ആലോചനകൾ പൂർത്തിയാക്കി, ഡിസംബറിന്റെ മഞ്ഞു പുതച്ചുറങ്ങുന്ന പഴയ ഡൽഹിയിലെ അപരിഷ്കൃതമായ സ്റ്റേഷനിൽ നിന്ന് കോട്ടായിലേക്ക് യാത്ര തിരിച്ചു.

ആകാശവും ഭൂമിയും പരസ്പരം തിരിച്ചറിയാതെ മഞ്ഞിന്റെ ആലസ്യത്തിൽ കൈകോർത്തു പിടിച്ചു കിടന്നു. ഉച്ചക്ക് മൂന്നു മണിക്ക് കോട്ടായിൽ എത്തേണ്ട തീവണ്ടി എത്തിയപ്പോൾ അഞ്ചു മണി കഴിഞ്ഞിരുന്നു.

കോട്ടാ സ്റ്റേഷൻ വലിയൊരു സ്റ്റേഷൻ ഒന്നുമല്ല. അങ്ങിങ്ങു കുറച്ചു ആളുകൾ, പ്ലാറ്റഫോമിലൂടെ യഥേഷ്ടം അലസമായി നടക്കുന്ന പശുക്കൾ, ജോലിയില്ലാതെ വെറുതെ ഇരിക്കുന്ന കൂലികൾ. അതിനിടയിലൂടെ പെട്ടിയും തൂക്കി ഞാൻ കൗണ്ടറിൽ എത്തി അന്വേഷിച്ചു. എനിക്ക് ഇനിയും പോകേണ്ട വണ്ടി ഒരു പാസഞ്ചറാണ്. ഉടനെ

വരുമായിരിക്കും ലക്ഷ്യത്തിലെത്തേണ്ട സമയം രാത്രി ഒൻപതിനാണ്. കുറെ നേരം കാത്തിരുന്നപ്പോൾ, ആ പഴയ തീവണ്ടി എത്തി.

പാസഞ്ചർ വണ്ടിയിൽ ഇരുന്നപ്പോൾ, അപരിചിതമായ ഒരു സ്ഥലത്തു രാത്രി ഒൻപതിന് ചെന്നിറങ്ങിയാൽ ഉണ്ടാവുന്ന പൊല്ലാപ്പുകളെ കുറിച്ച് ചിന്തിച്ചു ഞാൻ അസ്വസ്ഥനാവാൻ തുടങ്ങി... ചെറിയ പട്ടണമായതു കൊണ്ട് ലോഡ്ജ് ഒന്നും കാണാൻ സാധ്യതയില്ല...

ഭീതിപ്പെട്ടിട്ടു കാര്യമില്ലെന്നു അറിയാമായിരുന്നെങ്കിലും എന്നിൽ പതിയെ ഭയം വന്നു നിറയാൻ തുടങ്ങി... രാത്രി, ഇരുട്ട്, അപരിചിതമായ ദേശവും, ഭാഷയും. ഞാൻ ഭയത്തിന്റെ തേരിലേറി യാത്ര തുടങ്ങി എന്ന് പറയാം.

ഉത്തരഭാരതത്തിന്റെ തനതു ഗന്ധമായിരുന്നു ആ തീവണ്ടി മുറിക്ക്... ഗ്രാമീണരായ ആൾക്കാർ പച്ചക്കറികൾ കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വണ്ടി കൂടി ആയിരുന്നു അത്. എന്റെ സഹയാത്രികർ മുഴുവൻ പച്ചമുളകിന്റെയും, വഴുതനയുടെയും തീഷ്ണമായ മണത്തെ അവരുടെ ചിരിയിലൂടെയും സംസാരത്തിലൂടെയും വിതറിക്കൊണ്ടിരുന്നു. ഒന്നും മനസിലായില്ലെങ്കിലും അവരുടെ ഭാഷയും, ശബ്ദങ്ങളും, ഞാൻ ഒറ്റക്കല്ലല്ലോ ഈ യാത്രയിൽ എന്ന ആത്മവിശ്വാസം നൽകി. പക്ഷെ ഓരോ സ്റ്റേഷൻ എത്തുമ്പോഴും സഹയാത്രികരുടെ എണ്ണം കുറഞ്ഞു വന്നു... ക്രമേണ തീവണ്ടി മുറി ഒരു യുദ്ധക്കളം പോലെ ആയി. നിറയെ കപ്പലണ്ടി തോലും അനാഥത്വവും. ഇതൊരു അനാഥത്വത്തിന്റെ ദേശാടനമാണെന്നു എനിക്ക് തോന്നി.

യാത്ര തുടർന്നു. പക്ഷെ പ്രതീക്ഷിച്ചതുപോലെ അഞ്ചു

മണിക്ക് വണ്ടി എത്തിയില്ല. അപരിചിതമായ ആ സ്ഥലത്തെത്തുമ്പോൾ രാത്രി പതിനൊന്നു മണി ആയിരുന്നു. ആർതർ കൊനാൻ ഡോയലിന്റെ കഥയിലെ കുറ്റാന്വേഷകനെപോലെ, ഒരു സ്വെറ്ററിൽ തണുപ്പകറ്റി പ്ലാറ്റ്ഫോമിന്റെ ഇരുട്ടിലേക്ക് ഞാൻ പേടിയോടെ ഇറങ്ങി... ഒപ്പം ജീവിതം പോലെ വിലപ്പെട്ട ഒരു കറുത്ത ബ്രീഫ് കേസും. അതിലായിരുന്നു എന്റെ സർട്ടിഫിക്കറ്റുകൾ മുഴുവൻ...

ഞാൻ വെളിയിൽ ഇറങ്ങി. തെരുവുവിളക്കുകൾ ഒന്നുമില്ല... തെരുവിന്റെ ഇരുവശത്തുമായി അടഞ്ഞു കിടക്കുന്ന ചെറിയ പീടികകൾ. അടച്ച പീടികയുടെ വരാന്തകളിൽ കറുത്ത കമ്പളം മൂടി ചുരുണ്ടുറങ്ങുന്ന മനുഷ്യർ.

തെരുവിന്റെ ഓരത്തായി ഒരു സൈക്കിൾ റിക്ഷയിൽ ചാരിയിരുന്ന ഒരാൾ ബീഡി വലിക്കുന്നു. ഇരുട്ടിൽ അയാളുടെ ബീഡി ഒരു തീപ്പന്തം പോലെ കത്തി...

പതുക്കെ ഞാൻ അയാളുടെ അടുത്തേക്ക് ചെന്നു. ഒരു വൃദ്ധനായിരുന്നു അത്. അയാൾ ഉറങ്ങിയിരുന്നില്ല. എന്നെ കണ്ടതും ഒരു സവാരി കിട്ടിയ സന്തോഷത്തോടെ എവിടാ പോകേണ്ടതെന്നു ചോദിച്ചു. ഞാൻ സ്കൂളിന്റെ പേര് പറഞ്ഞു.

"ഇസ്കൂൾ ഇതർ സെ ബഹുത് ദൂർ ഹൈ... പൗനെ ഖണ്ഡേ ലഗേഗ... ബീസ് റുപ്പായ ചാഹിയെ."

ഇരുപതല്ല എത്ര വേണേലും കൊടുക്കാൻ ആ സമയത്ത് ഞാൻ തയ്യാറായിരുന്നു.

പക്ഷെ എന്ത് വിശ്വസിച്ചാണ് അസമയത് ഭാഷ പോലും

ശരിക്കു വശമില്ലാതെ ഒരാളോടൊപ്പം യാത്ര ചെയ്യേണ്ടത്. എന്റെ ആശങ്ക മനസിലാക്കിയ അയാൾ പറഞ്ഞു:

"ഇവിടെ നിന്ന് ഇനി വേറെ വണ്ടി ഒന്നും അവിടേക്കു കിട്ടില്ല, താങ്കൾ കയറി ഇരിക്ക്..."

ആലോചിച്ചു നിന്നാൽ ഈ വൃദ്ധനും നഷ്ടപ്പെടും. അതുകൊണ്ടു ഉള്ളിലെ ദൈവസങ്കല്പത്തോട് പ്രാർത്ഥിച്ചു ഞാൻ ആ റിക്ഷയിൽ കയറി. ബ്രീഫ് കേസ് ഒരു ജന്മത്തിലെ ഏറ്റവും വലിയ നിധിയായി മാറോട്ടു ചേർത്ത് പിടിച്ചിരുന്നു.

കുടമണി ഒുക്കിയ റിക്ഷ, അയാൾ ആ പട്ടണത്തിന്റെ ഇരുട്ടു മൂടിയ വികൃതമായ ഗലികളിലൂടെ അതിവേഗം ചവിട്ടാൻ തുടങ്ങി. മഞ്ഞും, ഭയവും എന്നിൽ പതുക്കെ പ്രവർത്തിക്കാൻ ആരംഭിച്ചിരുന്നു. ഇയാൾ ഏതു തരക്കാരനാണെന്നു ആർക്കറിയാം... മധ്യപ്രദേശിൽ ഫൂലാൻ ദേവി ഒക്കെ അരങ്ങു വാഴുന്ന കാലമാണ്. പേടി എന്നെ വല്ലാതെ പിടികൂടിയിരുന്നു. എന്നിൽ ശബ്ദം നിലച്ചതുപോലെ. ഒപ്പം അസ്ഥി കോച്ചുന്ന മഞ്ഞും, അതിനു അകമ്പടി സേവിക്കുന്ന നിരത്തിലെ കാറ്റും.

പെട്ടന്നയാൾ മുഹമ്മദ് റഫിയുടെ പ്രസിദ്ധമായ "ഓ, ദുനിയ കേ രെഖ് വാലെ..." എന്ന ഗാനം പതുക്കെ മൂളാൻ തുടങ്ങി.

പെട്ടന്നെന്നിലെ ഭയത്തിന്റെ പൂക്കൾ വാടാൻ തുടങ്ങി. മനസ്സിൽ ഒരൽപം സഹൃദയഭാവമുള്ളവർക്കേ ഏകാന്തതയിൽ പാടാൻ പറ്റൂ. അയാൾക്ക് എന്നെ അക്രമിക്കാനോ കൊള്ളയടിക്കാനോ ചിന്ത ഉണ്ടെങ്കിൽ

ഈ സമയം അയാൾ അതിനെ കുറിച്ച് മാത്രമേ ആലോചിക്കൂ. അങ്ങനെ ഉള്ളപ്പോൾ പാട്ട് വരില്ല എന്ന് എനിക്കുറപ്പായിരുന്നു. അതോടെ അയാളെക്കുറിച്ചുള്ള എന്റെ പേടി മാറി.

വിജനമായ വീഥികളും, കടുകുപാടങ്ങളും, ഒറ്റപ്പെട്ട കുടിലുകളും താണ്ടി ഒടുവിൽ ഞങ്ങൾ ലക്ഷ്യത്തിലെത്തി.

അയാൾ പറഞ്ഞു "ഇതാണ് സാബ് സ്കൂൾ."

ഇരുട്ടിന്റെ മഹാ വലയത്തിനുള്ളിൽ ഒരു വലിയ കെട്ടിടം. ചുറ്റിനും ഭീതിപെടുത്തുന്ന വലുപ്പമുള്ള കന്മതിൽ.

അയാൾക്ക് പണം കൊടുത്തതോടെ ആ ഏകാന്തവഴിയിൽ ഞാൻ വീണ്ടു തനിച്ചാവുമോ എന്ന ഭയത്തിൽ ഞാൻ അകപ്പെട്ടു. അതോടെ ഞാൻ ചോദിച്ചു:

"ഒരു മനുഷ്യജീവിയെ എങ്കിലും കണ്ടെത്താൻ നിങ്ങൾ സഹായിക്കുമോ. എനിക്ക് ഇവിടെ ഒരു പരിചയവുമില്ല."

അയാൾ ഇതിനകം എന്റെ ചങ്ങാതി ആയിക്കഴിഞ്ഞിരുന്നു. ദേശാടനത്തിനിടയിലെ അഭയത്തിന്റെ ചെറിയ തുരുത്തുകൾ.

വൃദ്ധൻ കുറച്ചു മുന്നോട്ട് നടന്നു അടുത്ത് കണ്ട ഒരു വീടിന്റെ വാതിലിൽ തട്ടി. ഇറങ്ങി വന്ന ആളോട് കാര്യങ്ങൾ പറഞ്ഞതോടെ സ്കൂളിലെ മാഷ് താമസിക്കുന്നതെവിടെയാണെന്നു അയാൾ കാണിച്ചു തന്നു... അതെ നിരത്തിലെ അഞ്ചാമത്തെ വീടായിരുന്നു അത്. വീടെന്നു വിളിക്കാൻ കഴിയില്ല. ചെമ്മണ്ണ് കൊണ്ട് ചുവർ തേച്ച ഒരു കുടിൽ. ചെറിയ വാതിൽ. അതിൽ തൂങ്ങി നിന്ന ചങ്ങലയിലെ മണി.

റിക്ഷാക്കാരൻ പോയി. ലോകത്തിലെ ഏറ്റവും വിശ്വസിക്കാൻ കൊള്ളാവുന്നവർ സൈക്കിൾ റിക്ഷാക്കാർ ആണെന്ന് അന്നാണ് ഞാൻ പഠിച്ചത്. ഈ പാഠം പിന്നീടും പലപ്പോഴും എന്നെ സഹായിച്ചിട്ടുണ്ട്...

ഞാൻ ചങ്ങലയിൽ തട്ടി വിളിച്ചു. പല തവണ തട്ടിയപ്പോൾ ഉറക്കം വിട്ടുമാറാത്ത കണ്ണുകളുമായി ഒരാൾ വന്നു വാതിൽ തുറന്നു.

ഞാൻ കാര്യം പറഞ്ഞു. ഇങ്ങനെ ഒരാൾ എത്തുമെന്ന് പ്രിൻസിപ്പൽ പറഞ്ഞിരുന്നു. പക്ഷെ ഈ അർദ്ധരാത്രിയിൽ എത്തുമെന്ന് കരുതിയില്ല എന്ന മുഖവരയോടെ അയാൾ എന്നെ അകത്തേക്ക് ക്ഷണിച്ചു.

ഒരു ഒറ്റമുറി വീടായിരുന്നു അത്. ചാണകം മെഴുകിയ തറ ആതിഥേയൻ മെല്ലിച്ച ഒരുവൻ. ഒറ്റത്തടി. നല്ല മലയാളം പറയുന്ന തിരുവല്ലക്കാരൻ, തോമസ് ചാക്കോ.

കുശലാന്വേഷണങ്ങൾ പെട്ടന്ന് അയാൾ അവസാനിപ്പിച്ചു. കിടക്കാനായി മുറിയുടെ ഒരു മൂല ഔദാര്യപൂർവം എനിക്ക് വിട്ടു തന്നിട്ട്, അയാൾ ഒരു കരിമ്പടത്തിനകത്തേക്കു കയറുകയും ചെയ്തു.

കിടന്നു കഴിഞ്ഞപ്പോൾ അതുവരെ മറഞ്ഞു നിന്ന വിശപ്പിന്റെ മുള്ളുകൾ എന്നെ കുത്താൻ തുടങ്ങി.

അതുകൊണ്ടു കിടന്നിട്ടും എനിക്കുറക്കം വന്നില്ല. ഒടുവിൽ മര്യാദയുടെ എല്ലാ സീമകളെയും ലംഘിച്ചു കൊണ്ട് കഴിക്കാൻ എന്തെങ്കിലും കിട്ടണമെന്ന് ഞാൻ ചാക്കോ സാറിനോട് അപേക്ഷിച്ചു.

അയാൾ ഈർഷ്യയോടെ പറഞ്ഞു: "ഒരു രക്ഷയുമില്ല.

ഇവിടെ കഴിക്കാൻ പറ്റിയ ഒന്നുമില്ല. അതുകൊണ്ടു വേഗം ഉറങ്ങാൻ നോക്കിക്കോ."

അയാൾ വീണ്ടും കരിമ്പടം കൊണ്ട് തല ഉൾപ്പടെ മറച്ചു ലോകത്തിന്റെ ഇരുട്ടിലേക്ക് മറഞ്ഞു... എന്റെ വയറാവട്ടെ അപ്പോഴേക്കും ഒരു കടലായി മാറിയിരുന്നു. വിശപ്പിന്റെ വൻകടൽ. അതെന്നിൽ തിളച്ചു മറിയുകയും, അസ്വസ്ഥനാക്കുകയും ചെയ്തു. തിരിഞ്ഞും, മറിഞ്ഞും കിടന്നിട്ടും ഉറക്കം വന്നില്ല.

ഞാൻ വീണ്ടും ചോദിച്ചു: "നമുക്ക് വെളിയിൽ എവിടെയെങ്കിലും പോയി കഴിച്ചാലോ. അത്രയ്ക്ക് വിശപ്പുണ്ട്."

ചാക്കോ സർ ഉറങ്ങിയിരുന്നില്ല. പെട്ടന്ന് അയാൾ കമ്പളം മാറ്റി എഴുന്നേറ്റു. എന്നെ നോക്കി ഒന്ന് ചിരിച്ചു. ഞാനും ചിരിച്ചു. മനുഷ്യ സ്നേഹത്തിന്റെ അപൂർവ സംഗമം.

"ഞാൻ ഭക്ഷണം കഴിക്കുന്ന ഒരു മെസ് ഉണ്ട്. ഒരു സർദാർജിയുടെതാ. സമയം ഇത്രയും ആയ സ്ഥിതിക്ക് വലിയ പ്രതീക്ഷ ഇല്ല. എന്നാലും പോയി നോക്കാം, വാ..."

രാത്രി ഒരു മണിയോടെ അടുക്കുന്നു. അയാൾ വീടിന്റെ പിറകിൽ നിന്ന് ഒരു പഴയ സൈക്കിൾ കൊണ്ടുവന്നു എന്നെ പിറകിലിരുത്തി ഇരുട്ടിലൂടെ സൈക്കിൾ പായിച്ചു.

പൊട്ടിപൊളിഞ്ഞ വീഥികൾ, കട്ടകുപാടങ്ങളുടെ ഊഷ്മളമായ വന്യത. ഒരു ട്രോജൻ കുതിരയെ പോലെ പാഞ്ഞ സൈക്കിൾ ഒടുവിൽ അടഞ്ഞു കിടന്ന ഒരു കടയുടെ മുൻപിൽ നിന്നു. പൂട്ടി കിടന്ന അതിന്റെ വാതിലിൽ അയാൾ ശക്തിയായി തട്ടി,

“സോഹൻ ഭയ്യാ, തുറക്ക് ഒരു അത്യാവശ്യമാണ്.”

പല തവണ വാതിലിൽ മുട്ടിയപ്പോൾ മുടിയും താടിയും നീട്ടി വളർത്തിയ ഒരു വൃദ്ധനായ സർദാർജി വന്ന് കതകു തുറന്നു. സർദാർജിയോട് അയാൾ കാര്യങ്ങൾ വിശദീകരിച്ചു. എങ്ങനെയും രണ്ടു റൊട്ടി ഉണ്ടാക്കണം, അത്യാവശ്യമാണ്. ഒരു നനഞ്ഞ പൂച്ചയെ പോലെ ഞാൻ പിറകിൽ നിന്നു,

“ഞാൻ എല്ലാം എടുത്തു വച്ചു. അടുപ്പും കെടുത്തി... എന്നാലും സാബിന്റെ ദോസ്ത് അല്ലേ... വാ നോക്കാം.”

അയാൾ പെട്ടന്ന് റാന്തൽ തെളിയിച്ചു. ഭാര്യയെ വിളിച്ചുണർത്തി. എന്നിട്ടു ആട്ട എടുത്തു കുഴച്ചു തുടങ്ങി. ഞങ്ങൾ കാത്തിരുന്നു. ഏകദേശം അരമണിക്കൂറിനുള്ളിൽ വഴുതനയും ആലുവും ചേർത്ത കറിയും മൂന്നു തടിച്ച റൊട്ടിയും സർദാർജി എന്റെ മുൻപിൽ വച്ചു.

ജീവിതത്തിൽ ഞാൻ കഴിച്ച ഏറ്റവും രുചികരമായ ഭക്ഷണം ആയിരുന്നു അത്.

അനാദിയായ മനുഷ്യസ്നേഹത്തിന്റെ എരിവും, പുളിയും, മസാലയും ചേർന്നൊരു ലേറ്റ് നൈറ്റ് ഡിന്നർ. ജീവിതത്തിലെ സ്നേഹവിരുന്നായി അതിപ്പോഴും എന്റെ ഉള്ളിലുണ്ട്. ജാതിയുടെയും, മതത്തിന്റെയും കളത്തിൽ പെടുത്തി മനുഷ്യരെ കൊന്നൊടുക്കാൻ ഭരണകൂടങ്ങൾ പോലും ശ്രമിക്കുന്ന ഈ കാലത്ത്, ഈ ലോകം ഇങ്ങനെ നിലനിൽക്കുന്നത് ഇത്തരം മനുഷ്യരുടെ സ്നേഹത്തിലാണെന്നു നമുക്ക് ആശ്വസിക്കാം.

⋆ ⋆ ⋆

## ഐസക് ഈപ്പൻ



മലയാളത്തിലെ അറിയപ്പെടുന്ന കഥാകൃത്തും പ്രഭാഷകനും. ജനനം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ. എം.എ എം.ഫിൽ പഠനത്തിനു ശേഷം കോളേജ് അദ്ധ്യാപകനായി തുടക്കം. 1991ൽ ഇൻഡ്യൻ ഇൻഫർമേഷൻ സർവീസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 21 പുസ്തകങ്ങൾ. അബുദാബി ശക്തി അവാർഡ്, എസ്.കെ. പൊറ്റെക്കാട് പുരസ്കാരം, തകഴി അവാർഡ്, യുവസാഹിത്യ പുരസ്കാരം, കൊച്ചുബാവാ പുരസ്കാരം, ബഷീർ പുരസ്കാരം തുടങ്ങി വിവിധ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### പ്രധാനപ്പെട്ട കൃതികൾ

- സൗഹൃദത്തിന്റെ വെളിപ്പാടുകൾ
- നെഹ്റുവിന്റെ തീവണ്ടി
- അതെല്ലാം മറന്നേക്കൂ
- നഗരത്തിലെ കോമാളികൾ
- അഗ്നിയിൽ ഒരു നഗരം
- വാസ്കോഡ ഗാമ അഥവാ മൂസ അബ്ദുള്ള
- പരദേശി മോക്ഷയാത്ര
- കോളനി വാഴ്ച
- നഗരം റബേക്കയോട് പറഞ്ഞത്
- ഏഴാമത്തെ നില